# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.665 — 04.04.2018 ൽ മറുപടിക്ക്

### സമയബന്ധിതമായി കെട്ടിടനിർമ്മാണം പൂർത്തീകരിക്കാൻ നടപടി

**ചോദ്യം**

ശ്രീ.കെ.ജെ. മാക്സി
ശ്രീ.കെ.വി.അബ്ദുൾ ഖാദർ
ശ്രീ. കെ. ആൻസലൻ
ശ്രീ.വി.കെ. സി. മമ്മത് കോയ

**മറുപടി**

ശ്രീ.ജി.സുധാകരൻ
(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) വിവിധ വകുപ്പുകൾക്ക് വേണ്ടി പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നിർമ്മാണത്തിലെ ഗുണനിലവാരം പരിശോധിക്കുന്നതിനും നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(എ) പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1.കെട്ടിടത്തിനുള്ള സ്ഥല ലഭ്യത പ്രവൃത്തി ഏറ്റെടുക്കുമ്പോൾ തന്നെ ഉറപ്പുവരുത്തുന്നുണ്ട്.

2.പ്രവൃത്തിയുടെ എഗ്രിമെന്റ് നടത്തി പത്ത് ദിവസത്തിനുള്ളിൽ 'സൈറ്റ് ഹാന്റ് ഓവർ' ചെയ്യുന്നുണ്ട്.

3.പ്രവൃത്തി ആരംഭിച്ച് പുരോഗമിക്കുന്ന മുറയ്ക്ക് സ്ട്രക്ചറൽ ഡിസൈൻ ഡ്രോയിംഗ്സ് നൽകി വരുന്നുണ്ട്.

4.വിവിധ തലങ്ങളിൽ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുവാനായി കൃത്യമായി അവലോകന യോഗങ്ങൾ നടത്താറുണ്ട്.

5.കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട കരാറുകാരനുമായുള്ള ഉടമ്പടിയിൽ പ്രവൃത്തി പൂർത്തീകരണത്തിന് ഒരു നിശ്ചിത കാലാവധി നിർണ്ണയിക്കാറുണ്ട്. കരാറുകാരന്റെ വീഴ്ച മൂലം നിശ്ചിത കാലാവധിക്കപ്പുറം പ്രവൃത്തി നീണ്ടുപോവുകയാണെങ്കിൽ പൊതുമരാമത്ത് വകുപ്പ് മാനുവൽ (2112.1) പ്രകാരം കരാറുകാരനിൽ നിന്നും പിഴ ഈടാക്കാനുള്ള വ്യവസ്ഥ ഉണ്ട്. അതു പ്രകാരം പിഴ ഈടാക്കാറുണ്ട്.

6.കൂടാതെ നിശ്ചിത കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്ന കരാറുകാരന് എസ്റ്റിമേറ്റ് പി.എ.സി.യുടെ 1% അല്ലെങ്കിൽ 4 ലക്ഷം രൂപ (ഏതാണോ കുറവ്) എന്ന നിരക്കിൽ ഇൻസെന്റീവ് നൽകാറുണ്ട്.

| | | | |
|---|---|---|---|
| | | | ഗുണനിലവാരം പരിശോധിക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന നടപടികളാണ് കൈക്കൊണ്ടു വരുന്നത്.<br>ഗുണനിലവാരം പരിശോധിക്കുന്നതിന് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിൽ ക്വാളിറ്റി കൺട്രോളിന്റേയും നിലവിലെ ഫീൽഡ് ലെവൽ ഉദ്യോഗസ്ഥർ ഒന്നാം ഘട്ട പരിശോധനയും ക്വാളിറ്റി കൺട്രോൾ വിഭാഗം രണ്ടാംഘട്ട പരിശോധനയും നടത്തുന്നുണ്ട്. കൂടാതെ ലഭ്യമാകുന്ന റിസൽട്ടിന്റെ അടിസ്ഥാനത്തിൽ ഓഫീസ് മേധാവിയുടെ വിവേചന അധികാരത്തിന് വിധേയമായി മൂന്നാം ഘട്ടപരിശോധനയും നടത്തുന്നുണ്ട്. G.O(MS)No.1/2018/PWD. തീയതി 05.01.2018 പ്രകാരം സോഷ്യൽ ആഡിറ്റ് സമിതിയും നിലവിൽ വന്നിട്ടുണ്ട്. |
| (ബി) | കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷനും മറ്റും ലഭിക്കുന്നതിലെ കാലതാമസം മൂലം ബന്ധപ്പെട്ട വകുപ്പുകൾക്ക് കൃത്യസമയത്ത് കെട്ടിടം കൈമാറാൻ കഴിയാതെ വരുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷനും മറ്റും ലഭിക്കുന്നതിലെ കാലതാമസം മൂലം ബന്ധപ്പെട്ട വകുപ്പുകൾക്ക് കൃത്യസമയത്ത് കെട്ടിടം കൈമാറാൻ കഴിയാതെ വന്നിരുന്ന പ്രശ്നം ഇപ്പോൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. കെട്ടിടത്തിന്റെ സിവിൽ വർക്കുകളോടൊപ്പം തന്നെ വൈദ്യുതി പ്രവൃത്തികളും ടെണ്ടർ ചെയ്തു വരുന്നുണ്ട്. ഈ സർക്കാർ വന്ന് നടത്തിയ പ്രധാനപ്പെട്ട ഒരു തീരുമാനമാണിത്. പ്രവൃത്തി പൂർത്തിയാക്കുന്നതിനും കണക്ഷൻ ലഭിക്കുന്നതിനും വേണ്ട നടപടികൾ സമയബന്ധിതമായി തന്നെ ചെയ്യുന്നുണ്ട്. |
| (സി) | എങ്കിൽ ഇത് പരിഹരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഒരു ഇലക്ട്രിക്കൽ വിഭാഗം കൂടി രൂപീകരിക്കുന്നതിനെ സംബന്ധിച്ച് സർക്കാർ ആലോചിക്കുമോയെന്ന് അറിയിക്കുമോ? | (സി) | ഇലക്ട്രിക്കൽ വിഭാഗത്തിന്റെ ശാക്തീകരണം പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**